# ഒരു ലിബർഹാനും ഒരായിരം ശങ്കരൻമാരും

**ജനാധിപത്യത്തിന്റെ** ചിതലെടുത്ത മൂന്നു തൂണുകളുടെ വഴിയെ ഒടുവിൽ നീതിപീഠങ്ങളും ചോദ്യചിഹ്നമാവുന്ന കാലമാണിത്. ജനസംഘം–മൊറാർജി കൂട്ടുകെട്ടുണ്ടായ കാലത്ത് എൽ.കെ അദ്വാനി കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ വകുപ്പു മന്ത്രിയായതിന്റെ 'ഗുണഫല'മാണ് ഇന്ന് ഇന്ത്യൻ മീഡിയയുടെ തലപ്പത്തു നിറഞ്ഞു നിൽക്കുന്ന കാവിയുടുപ്പിട്ട എഡിറ്റർമാർ എന്ന ദുഃഖസത്യം മുമ്പൊരിക്കൽ ഈ കോളത്തിൽ സൂചിപ്പിച്ചിരുന്നു. മാധ്യമങ്ങളിൽ നിന്നു തുടക്കമിട്ട ഈ വംശീയവിദ്വേഷ പ്രചാരണത്തിന്റെ തുടർചലനങ്ങൾ പോലിസും ബ്യൂറോക്രസിയും കടന്ന് ജുഡീഷ്യറിയിലേക്ക് ആവേശിക്കുന്നതാണ് കാണാനുള്ളത്. ഹിന്ദുത്വ ജഡ്ജിമാർ കഞ്ചുകങ്ങൾക്കുള്ളിൽ നിന്ന് പതുക്കെ തല പുറത്തേക്കു വലിക്കാൻ തുടങ്ങുന്നതിന്റെ ഉദാഹരണങ്ങൾ കേരളത്തിലടക്കം പുറത്തുവരുന്നുണ്ട്. കോടതിയിലെത്തിയ തെളിവും രേഖകളും മൊഴികളും മറികടന്ന് 'ജഡ്ജി' സ്വന്തം മനസ്സിൽ തോന്നിയ അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതോടെ നീതിപീഠം എന്ന വ്യവസ്ഥയുടെ ഉടുതുണിയാണ് നഷ്ടമാവുന്നത്. മജിസ്ട്രേറ്റു കോടതികളിൽ മുസ്‌ലിംകൾ ഹിന്ദുക്കൾക്കെതിരെ പരാതിയുമായി ചെല്ലാൻ ധൈര്യപ്പെടാത്ത ഒരു സംസ്ഥാനം തന്നെ ഇന്ത്യയിലുണ്ടായത് നിയമത്തിന്റെ അക്ഷരങ്ങൾ വ്യഭിചരിക്കപ്പെട്ട സാഹചര്യത്തിലായിരുന്നു. സന്നദ്ധസംഘടനകളുടെ അകമ്പടിയോടെയാണ് ഗുജറാത്തിലെ കോടതികളിൽ 'ഹിന്ദുക്കൾ'ക്കെതിരായ കൊലപാതക കേസുകൾ പോലും വാദിക്കാനെത്തുന്നത്. പ്രണയത്തിന്റെ മതം നോക്കി പെൺകുട്ടിയെ രക്ഷിതാക്കളോടൊപ്പവും കാമുകനോടൊപ്പവും വിടുന്ന കോടതികൾ ഗുജറാത്തിലേതിൽ നിന്ന് ഏറെയൊന്നും വ്യത്യസ്തമല്ലെന്നോർക്കുക.

ഒറ്റപ്പെട്ട ജഡ്ജിമാർ എന്ന് വിശേഷിപ്പിച്ച് ഇത്തരക്കാരെ മാറ്റിനിർത്താനാവില്ല. കീഴ്കോടതികളിലാണ് ഇവരെ കൂടുതലായും കണ്ടുവരുന്നതെന്ന് വേണമെങ്കിൽ ആശ്വസിക്കാമെന്നു മാത്രം. പക്ഷേ അവർ വ്യവസ്ഥക്ക് ഏൽപ്പിക്കുന്ന ആഘാതം എത്രയോ കനത്തതാണ്. ഒരു ഉദാഹരണമിതാ. മധ്യപ്രദേശിലെ ഭോപാലിൽ പ്രവർത്തിക്കുന്ന നിർമലാ കോൺവെന്റ് സ്കൂളിൽ നിന്ന് മുഹമ്മദ് സലീം എന്ന പത്താം ക്ലാസുകാരനെ താടിവെച്ചതിന് പുറത്താക്കി. തങ്ങളുടെ സ്കൂളിന്റെ പോളിസിയനുസരിച്ച് ആൺകുട്ടികൾ മീശയോ താടിയോ വെക്കരുതെന്നായിരുന്നു ക്രിസ്തീയ പുരോഹിതർ നടത്തുന്ന ഈ വിദ്യാലയത്തിന്റെ വാദം. അതേസമയം ഈ സ്കൂളിലെ ഏതെങ്കിലും സിഖ് വിദ്യാർഥിക്കെതിരെ അധികൃതർ പുറത്താക്കൽ നടപടി സ്വീകരിച്ചിരുന്നില്ല. തനിക്ക് നീതി നൽകണമെന്നഭ്യർഥിച്ച് മധ്യപ്രദേശിലെ കീഴ്കോടതികളിൽ സലീം ന

ൽകിയ ഹരജികളിൽ സ്വാഭാവികമായും നിർമലാ സ്കൂളിന് അനുകൂലമായാണ് വിധിയുണ്ടായത്. പക്ഷേ ദൗർഭാഗ്യകരമെന്ന് അടിവരയിട്ട് പറയണം, ഈ കേസിൽ കീഴ്കോടതി വിധികളെ ശരിവെക്കുക മാത്രമായിരുന്നില്ല ഇന്ത്യയിലെ പരമോന്നത നീതിപീഠം ചെയ്തത്. സലീമിന്റെ ഹരജി തള്ളിക്കൊണ്ട് മാർക്കണ്ഡേയ കട്ജു എന്ന ന്യായാധിപൻ അധ്യക്ഷനായ ബെഞ്ച് നടത്തിയ ഒരു പരാമർശം രാജ്യത്തെ മുസ്ലിം മനസ്സാക്ഷിയെ ഞെട്ടിക്കുന്നതു കൂടിയായി. 'ഇന്ത്യയെ താലിബാൻവൽക്കരിക്കുന്നത് അനുവദിക്കാനാവില്ല' എന്നായിരുന്നു താടിവെക്കാനുള്ള അവകാശത്തെ കുറിച്ച കട്ജുവിൻെറ നിരീക്ഷണം! താടിവെക്കുന്നത് താലിബാൻവൽക്കരണമാണെന്ന ഈ നിരീക്ഷണം എടുത്തുകളയാൻ വേണ്ടിയിട്ടായിരുന്നു സലീമിന് പിന്നീട് ലക്ഷങ്ങൾ ചെലവിട്ട് അടുത്ത നിയമയുദ്ധം നടത്തേണ്ടി വന്നത്.

ഇനി സമാനമായ മറ്റൊരു വിഷയത്തിൽ കോടതി പിന്നീട് സ്വീകരിച്ച ഒരു നിലപാട് കൂടി ശ്രദ്ധിക്കുക. നദികളിലും തടാകങ്ങളിലും വിഗ്രഹങ്ങൾ നിമജ്ജനം ചെയ്യുന്നത് നിരോധിക്കണമെന്നാവശ്യപ്പെട്ട് ഹൈദരാബാദിലെ പരിസ്ഥിതി പ്രവർത്തകനായ സാലിക്ചന്ദ് ജെയിൻ ഇക്കഴിഞ്ഞ മാസം സുപ്രീംകോടതിയെ സമീപിച്ചു. ഹൈന്ദവ ആഘോഷങ്ങളുടെ, വിശിഷ്യ ഗണേശപൂജയുടെ ഭാഗമായി പടുകൂറ്റൻ വിഗ്രഹങ്ങൾ ജലാശയങ്ങളിൽ കൊണ്ടുതള്ളുന്ന ഈ പതിവ് ഇന്ത്യയിലെ മിക്ക നദികളെയും തടാകങ്ങളെയും മലിനമാക്കുന്നുണ്ടെന്നും വിഗ്രഹങ്ങളിലെ ചായക്കൂട്ടുകളിൽ അടങ്ങിയ വിഷാംശങ്ങൾ മത്സ്യസമ്പത്തിനെയും സമീപവാസികളെയും ബാധിക്കുന്നുണ്ടെന്നും തെളിവുകൾ സഹിതം ജയിൻ ചൂണ്ടിക്കാട്ടി. സെക്കന്തരാബാദിലെ ഹുസൈൻ സാഗർ തടാകമായിരുന്നു അദ്ദേഹത്തിന്റെ വാദങ്ങളുടെ മുഖ്യ അടിസ്ഥാനം. 'ഇത്തരം കാര്യങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്തുന്നത് തങ്ങളുടെ ഇഷ്ടപ്രകാരമുള്ള മതസങ്കൽപ്പങ്ങൾ ആചരിക്കുന്നതിന് സമൂഹത്തിലെ ഒരു വിഭാഗം ജനങ്ങൾക്കുള്ള മൗലികാവകാശത്തെ ഹനിക്കുന്ന സാഹചര്യത്തിൽ ഹരജിക്കാരന്റെ ആവശ്യം അംഗീകരിക്കാനാവില്ല' എന്ന് ചീഫ് ജസ്റ്റിസ് കെ.ജി ബാലകൃഷ്ണനും ജെ.എം പഞ്ചാലും അടങ്ങിയ ഡിവിഷൻ ബെഞ്ച് വ്യക്തമാക്കുമ്പോൾ കട്ജു എന്ന ജഡ്ജിക്ക് എന്തുകൊണ്ട് ഈ മൗലികാവകാശം നേരത്തെ അറിയാതെ പോയി എന്ന സംശയമുയരുന്നില്ലേ?

പരസ്പരം എറിയാനുള്ള ചീമുട്ടകളാവരുത് നിയമം. വിശ്വാസത്തിന്റെ കാര്യത്തിൽ കോടതിവിധി അംഗീകരിക്കില്ലെന്ന് കഴിഞ്ഞ 25 വർഷമായി അട്ടഹസിക്കുന്ന വി.എച്ച്.പിക്കാരൻ ലിബർഹാൻ കമീഷൻ റിപ്പോർട്ടിനെ എതിർക്കുന്നത് അതിന്റെ നിയമപരമായ പോരായ്മകൾ ചൂണ്ടിക്കാട്ടിയാണ്. വാജ്പേയിക്ക് സമൻസയക്കാതെ അദ്ദേഹത്തെ കുറിച്ച് ജസ്റ്റിസ് ലിബർഹാൻ നടത്തിയ നിരീക്ഷണങ്ങൾ ശരിയായില്ലെന്നാണ് 20 ഖണ്ഡികകളുള്ള നോട്ടീസിറക്കി സംഘടന കുറ്റപ്പെടുത്തുന്നത്. 1992 ഡിസംബർ 5ന് ലഖ്നൗവിൽ നടന്ന അവസാനവട്ടം പള്ളിപൊളിക്കൽ ഗൂഢാലോചനായോഗത്തിൽ പങ്കെടുത്ത് വൈകിട്ടത്തെ തീവണ്ടിയിൽ ദൽഹിക്കു രക്ഷപ്പെട്ട് 'മാന്യത' കാത്തുസൂക്ഷിച്ച വാജ്പേയിയെ എന്തു ചെയ്യണമായിരുന്നു? അദ്വാനിയുടെ ദുഃഖം പോലെ വാജ്പേയിയുടെ അസാന്നിധ്യം എന്ന മറ്റൊരു കാപട്യത്തിനും കൂടി ലിബർഹാൻ ചൂട്ട് പിടിക്കണമായിരുന്നോ? കള്ളന് കഞ്ഞിവെച്ചവന് സമൻസയച്ച് വിശദീകരണം ചോദിക്കുന്നതിലൂടെ നിയമമായിരുന്നോ അതോ നീതിയായിരുന്നോ സംരക്ഷിക്കപ്പെടുക? ഒരു ലിബർഹാനും ഒരായിരം ശങ്കരൻമാരും നിർവചിക്കുന്നതിൽ ഏത് നിയമമാണ് ശരി? ■